# കാലിക്കറ്റ് സർവകലാശാല

## സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ

നം.170466/SDE-A-ASST-2/2017/Admn തീയതി.04.06.2019

**ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.**

- അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി പ്രവേശന വിജ്ഞാപനം, പ്രോസ്പെക്ടസ് എന്നിവ ശ്രദ്ധാപൂർവം വായിച്ച് കോഴ്സുകളുടെ വിവരങ്ങൾ, യോഗ്യത, ഫീസ് മുതലായവ കൃത്യമായി മനസ്സിലാക്കുക.
- വിദ്യാർത്ഥിയുടെ ഫോട്ടോ സ്കാൻ ചെയ്ത് JPEG ഫോർമാറ്റിൽ കരുതുക.
- യോഗ്യത, പ്രായം, മുതലായവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ സ്കാൻ ചെയ്ത് PDF ഫോർമാറ്റിൽ കരുതുക.
- ഫീസാനുകൂല്യത്തിന് അർഹതയുള്ളവർ അത് തെളിയിക്കുന്നതിന് ആവശ്യമായിട്ടുള്ള സർട്ടിഫിക്കറ്റുകൾ കൂടി സ്കാൻ ചെയ്ത് PDF ഫോർമാറ്റിൽ കരുതുക
- ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്ന സമയത്ത് മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം, ആധാർ നമ്പർ എന്നിവ ആവശ്യമാണ്. വിദ്യാർത്ഥികൾ സ്വന്തം മൊബൈൽ നമ്പറും, ഇ-മെയിൽ വിലാസവും തന്നെ ഉപയോഗിക്കേണ്ടതാണ്.
- കാലിക്കറ്റ് സർവകലാശാലാ വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ വെബ്സൈറ്റായ www.sdeuoc.ac.in ൽ പ്രവേശിച്ച് Online Registration തെരഞ്ഞെടുക്കുക.
- ആദ്യമായി ഉപയോഗിക്കുന്നവർ **Sign Up** ബട്ടൺ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുക. ഇതിനായി വിദ്യാർത്ഥിയുടെ മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം, ആധാർ നമ്പർ എന്നിവ ആവശ്യമാണ്. ഒരിക്കൽ ഉപയോഗിച്ച

മൊബൈൽ നമ്പർ  പിന്നീട് മാറ്റാൻ സാധിക്കുന്നതല്ല.

- വിജയകരമായി രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനു ശേഷം **Sign In** ബട്ടൺ ക്ലിക്ക് ചെയ്ത് ആധാർ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ നൽകി ലോഗിൻ ചെയ്യുക.
- തുടർന്ന് വിവരങ്ങൾ രേഖപ്പെടുത്തേണ്ട പേജ് ദൃശ്യമാകുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന കോഴ്സ് അതീവ ശ്രദ്ധയോടെ തെരഞ്ഞെടുക്കുക. ഒരിക്കൽ തെരഞ്ഞടുത്ത കോഴ്സ് പിന്നീട് മാറ്റാൻ സാധിക്കുന്നതല്ല. വ്യക്തിവിവരങ്ങൾ ശരിയായി രേഖപ്പെടുത്തുക. ഇതിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനു മുൻപായി തിരുത്തൽ വരുത്താവുന്നതാണ്.
- തുടർന്ന് ഫോട്ടോയും സർട്ടിഫിക്കറ്റുകളും upload ചെയ്തതിനു ശേഷം Submit ബട്ടൺ ക്ലിക്ക് ചെയ്യുക.
- തുടർന്ന് പണം അടക്കുന്നതിനുള്ള പേജിലേക്കാണ് എത്തുക. അടയ്ക്കേണ്ട ഫീസ് സ്ക്രീനിൽ കാണാവുന്നതാണ്. SBI Online, SBI E-chalan, Friends/Akshaya, Post Office എന്നിവയിൽ ഒന്ന് തെരഞ്ഞെടുക്കുക.
- SBI Online വഴിയാണ് ഫീസ് അടയ്ക്കുന്നത് എങ്കിൽ പണം അടച്ചതിനു ശേഷം അപേക്ഷയുടെ പ്രിന്റ് അപ്പോൾ തന്നെ എടുക്കാവുന്നതാണ്. മറ്റ് രീതികളിൽ ഒന്നാണ് തെരഞ്ഞെടുക്കുന്നത് എങ്കിൽ അപ്പോൾ ലഭ്യമാകുന്ന ചലാൻ പ്രിന്റ് എടുത്ത് SBI/Friends/Akshaya/Post Office ഇവയിൽ ബാധകമായ സ്ഥലത്ത് ഫീസ് അടക്കുക. അതിനു ശേഷം login ചെയ്ത് അപേക്ഷയുടെ പ്രിന്റ് എടുക്കാവുന്നതാണ്.
- അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്ക് മുൻപായി വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ സമർപ്പിച്ച് നടപടികൾ പൂർത്തിയാക്കുക.

Sd/-

ജോയിന്റ് രജിസ്ട്രാർ